# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 4220** **16.12.2014- ൽ മറുപടിക്ക്**

## വാഴാതി-വിരിപ്പാക്ക സഹകരണ സ്പിന്നിംഗ് മിൽ നവീകരണം

| ചോദ്യം<br>ശ്രീ. ബാബു. എം. പാലിശ്ശേരി | ഉത്തരം<br>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) തൃശ്ശൂർ ജില്ലയിലെ നഷ്ടത്തിൽ പ്രവർത്തിക്കുന്ന വാഴാതി-വിരിപ്പാക്ക സഹകരണ സ്പിന്നിംഗ് മിൽ നവീകരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് വ്യവസായ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; | (എ) തൃശ്ശൂർ ജില്ലയിൽ പ്രവർത്തിക്കുന്ന വാഴാനി-വിരിപ്പാക്ക തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ നവീകരിക്കുന്നതിനായി 30 കോടി രൂപയുടെ നവീകരണ പദ്ധതി എൻ.സി.ഡി.സിയുടെ ധനസഹായത്താൽ നടത്തുന്നതിലേക്കുള്ള പ്രോജക്ട് റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. അത്യാവശ്യ അറ്റകുറ്റപ്പണികൾ തീർത്ത് മെഷിനറികൾ പ്രവർത്തിപ്പിക്കുന്നതിലേക്കായി 132.4 ലക്ഷം രൂപ 2013-14 ബഡ്ജറ്റിൽ അനുവദിക്കുകയും, അതുപയോഗിച്ച് അറ്റകുറ്റപ്പണികൾ തീർത്ത് ഏകദേശം 13000 സ്പിന്റിലുകൾ ഉൽപാദനക്ഷമത കൈവരിച്ച് പ്രവർത്തിച്ചു വരുന്നു. എൻ.സി.ഡി.സി അംഗീകാരത്തോടെ നവീകരണ പദ്ധതികൾക്കായി 2014-15 ബഡ്ജറ്റിൽ സർക്കാർ 298 ലക്ഷം രൂപ വകയിരുത്തിയതിൽ തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിനായി 99.33 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

| | |
|---|---|
| (ബി) ഈ മിൽ ഇപ്പോൾ എത്ര കോടി രൂപ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്; മില്ലിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് ബാദ്ധ്യത യുള്ളത്; അത് എത്ര തുക വരും;വിശദാംശം ലഭ്യമാക്കുമോ? | (ബി) 2014-15 സാമ്പത്തിക വർഷത്തിൽ നവംബർ 30 തീയതി വരെ മില്ലിന്റെ നഷ്ടം 4.10 കോടി രൂപയും നാളിതുവരെയുള്ള നഷ്ടം 41.83 കോടി രൂപയുമാണ്. . അസംസ്കൃതവസ്തുക്കൾ വാങ്ങിയ വകയിൽ 79.06 ലക്ഷം രൂപയും മറ്റ് ബാദ്ധ്യതകൾ 880.02 ലക്ഷം രൂപയും നൽകാനുണ്ട്.<br>മറ്റ് ബാദ്ധ്യതകൾ സംബന്ധിച്ച വിശദവിവരങ്ങൾ താഴെചേർക്കുന്നു. |

(ലക്ഷം രൂപ)

| | | |
|---|---|---|
| ഇലക്ട്രിസിറ്റി ചാർജ്ജ് | - | 684.87 |
| പി.എഫ് | - | 104.27 |
| ഇ.എസ്.ഐ | - | 11.55 |
| ഗ്രാറ്റുവിറ്റി | - | 41.30 |
| കോ-ഓപ്പറേറ്റീവ് വെൽഫെയർ | - | 2.28 |
| സ്റ്റോർസ് | - | 22.48 |
| എൽ.ഐ.സി | - | 3.42 |
| ലേബർ വെൽഫെയർ ഫണ്ട് | - | 7.61 |
| ബാങ്ക് ഡിഡക്ഷൻസ് | - | 2.24 |
| | | --------- |
| ആകെ | | 880.02 |
| | | ===== |

സെക്ഷൻ ഓഫീസർ